**പതിമൂന്നാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2518

**18.02.2016**-ലെ മറുപടിക്ക്

<u>വളപ്പ്, സീഷോർ കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ വളപ്പ്, സീഷോർ എന്നീ കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) | സ്വയം പര്യാപ്തഗ്രാമം പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ വളപ്പ് - പുലയാസ്, കോളനിയിലെ 92% പ്രവർത്തികളും പൂർത്തിയായിട്ടുണ്ട്. സീഷോർ കോളനിയ്ക്ക് ഒന്നാം ഗഡു അനുവദിക്കുകയും നിർമ്മാണ ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ തടസ്സങ്ങളുണ്ടോ;എങ്കിൽ ആയത് വിശദമാക്കാമോ; | (ബി) | തടസ്സങ്ങൾ ഇല്ല. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദമാക്കാമോ; | (സി) | വളപ്പ് - പുലയാസ് കോളനിയിൽ ഒരു മാസത്തിനകം പ്രവർത്തികൾ പൂർത്തിയാക്കുന്നതാണെന്ന് നിർമ്മാണ ഏജൻസിയായ FIT അറിയിച്ചിട്ടുണ്ട്. സീഷോർ കോളനിയിലെ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അറിയിച്ചിട്ടുണ്ട്. |
| (ഡി) | ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വളപ്പ് -പുലയാസ് കോളനി ; സീഷോർ കോളനി എന്നിവിടങ്ങളിലെ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ